ആ വാക്കുകൾ എന്നെ മഥിച്ചു. എന്റെ കണ്ണുകൾ നിറഞ്ഞു.

"നിന്റെ അവസ്ഥ കാണുമ്പോൾ എനിക്ക് സങ്കടം വരുന്നു... ഞാ പറഞ്ഞു."

"എനിക്ക് ഒരു സങ്കടവും തോന്നുന്നില്ല. വിഷമിക്കാൻ ഈ ലോക എന്റേതല്ലല്ലോ"

അവൾ വീണ്ടും കണ്ണുകൾ അടച്ചു. ആ കണ്ണുകൾ പിന്നെ തുറന്ന തേയില്ല.അവൾ പറഞ്ഞ വാക്കുകൾ ഞാൻ കല്യാണം കഴിക്കാതിരുന്നത് അവൾക്ക് വേണ്ടിയായിരുന്നു എന്ന ആ വാക്കുകൾ എന്റെ ചെവികളിൽ മുഴങ്ങിക്കൊണ്ടിരുന്നു. എന്റെ മനസ്സിൽ ഞാൻ ഒളിപ്പിച്ചുകൊണ്ട് നടന്ന ആ സത്യം. അവളെ ആദ്യമായി തൊട്ടപ്പോൾ തന്നെ അവൾ മനസ്സിലാക്കി. അവൾക്ക് പ്രത്യേകതകൾ ഒന്നും ഇല്ല എന്ന് പലവുരു ഞാൻ പറഞ്ഞുനോക്കി എങ്കിലും എന്തോ ഒരു പ്രത്യേകത അവൾക്കുണ്ടായിരുന്നു.

അവളോട് അവസാനമായി യാത്രപറഞ്ഞു തിരികെ വരുമ്പോൾ എന്റെ മനസ്സിൽ ഉയർന്ന ചോദ്യം "അവളെക്കുറിച്ച് എന്ത് എഴുതും?' എന്നതായിരുന്നു.

•

നിങ്ങൾക്ക് ഇഷ്ടമുള്ള കാര്യങ്ങൾ ചെയ്ത് ആരുടെയും കീഴിൽ അല്ലാ ജീവിക്കാമല്ലോ?"

"അടിമയാകാതെ പ്രേമം എങ്ങിനെ മുന്നോട്ടു കൊണ്ട് പോക പറ്റും?"

"മനുഷ്യരുടെ കാര്യത്തിൽ അടിമ ആകേണ്ട സാഹചര്യം ഉണ്ടാ ക്കാം. കുടുംബം, പ്രേമം എല്ലാം നമ്മെ കെട്ടാനുള്ള കയറുകൾ തന്നെ ജനിച്ച അന്നുമുതൽ ഈ കയറുകൾ നമ്മെ വരിഞ്ഞുമുറുക്കാൻ തുടങ്ങു രക്ഷപ്പെടാൻ കഴിഞ്ഞാൽ നല്ലത്."

ഞാൻ കരുതിയപോലെ വെറും മണ്ടിപ്പെണ്ണല്ല കുമുദം എന്നെനിക്ക് മനസ്സിലായി.

"സമൂഹത്തിൽനിന്ന് ഒന്നും വേണ്ട എന്നാണെങ്കിൽ നേട്ടങ്ങൾക്ക് വേണ്ടി എന്തിന് ശ്രമിക്കണം?"

"എന്തെങ്കിലും നേട്ടം ഉണ്ടാകണം എന്ന് ആഗ്രഹിച്ചുകൊണ്ട് നാം സമൂഹത്തെ സമീപിച്ചാൽ നമുക്ക് അത് ലഭിക്കില്ല. പക്ഷേ എനിക്ക് താത്പര്യമില്ല എന്ന ഭാവത്തിൽ, തനിക്ക് ഇഷ്ടമുള്ള കാര്യങ്ങൾ ചെയ്തു കൊണ്ട് വിജയിക്കുക ആണെങ്കിൽ സമൂഹം നമ്മുടെ കാൽക്കീഴിൽ ആകും."

കുമുദത്തിനു ഇത്ര മാത്രം സ്വാതന്ത്ര്യദാഹമുണ്ടെന്ന കാര്യം എനിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. ഭർത്താവ്, മക്കൾ, ജോലി എന്തിനേറെ പ്രേമം പോലും അടിമത്തമാണെന്ന അവളുടെ തുറന്നടിച്ചുള്ള അഭി പ്രായം...

"നിങ്ങളുടെ സ്ഥാനത്ത് ഞാനായിരുന്നു എങ്കിൽ പുഴയോരത്ത് ഒരു കുടിൽകെട്ടി കുട്ടികൾക്ക് സന്ധ്യാസമയങ്ങളിൽ നാലക്ഷരം പറഞ്ഞു കൊ ടുത്തേനെ. അവർക്ക് ഒരു പക്ഷേ ഫീസായി പൈസ നൽകാൻ പറ്റില്ലാ യിരിക്കാം.... പക്ഷേ അവരുടെ വീട്ടിൽനിന്നും ഉപ്പോ, പുളിയോ, മാങ്ങ യോ, അരിയോ, ഗോതമ്പോ എന്തെങ്കിലും അവർ കൊണ്ടുവന്നു തരും. എനിക്ക് ജീവിക്കാൻ അത് മതിയാകും. അവരുടെ കൂട്ടത്തിൽ ഒരാളായി അവർ എന്നെ കാണും. എന്റെ ജീവിതത്തിൽ സന്തോഷം ഉണ്ടാകാൻ ഇതിൽ അധികം ഒന്നും വേണ്ട '

കുമുദത്തെ കൗതുകത്തോടെ നോക്കിനിൽക്കുമ്പോൾ ആണ് അവ ളുടെ തലയിലെ വെള്ളി രേഖ കാണുന്നത്.

"മുടി നരച്ച് തുടങ്ങിയിരിക്കുന്നു..." ഞാൻ പറഞ്ഞു

"യൌവനം സ്ഥിരമല്ലല്ലോ."

വാടകയുടെ കാര്യം ഞാൻ വീണ്ടും മറന്നു. അവളോട് യാത്ര പറഞ്ഞു ഇറങ്ങി. പിന്നിൽനിന്ന് അവൾ വിളിക്കുമെന്നും, അന്ന് അവിടെനിന്ന്





പിറ്റേന്ന് പോകാമെന്ന് പറയുമെന്നും ഞാൻ കരുതി. ഒന്നും ഉണ്ടായില്ല.

വർഷങ്ങൾ വീണ്ടും മുന്നോട്ടോടി പോയി. താങ്ങും,തണലുമായി നിന്ന മാമൻ മരിച്ചു. അവർക്ക് മക്കൾ ഇല്ലാത്തതിനാൽ അമ്മായിയുടെ കൂടെത്തന്നെ നിൽക്കാൻ പറ്റി. കുമുദത്തിന്റെ കുടുംബത്തിന്റെ സാമ്പ ത്തിക സ്ഥിതി മോശമായതിനാൽ അവർക്ക് വാടക നൽകാൻ പറ്റാത്ത അവസ്ഥയായി. അവൾ അവളുടെ വീട്ടിലേക്ക് പോകാൻ തീരുമാനിച്ചു. അവർ വീട് ഒഴിഞ്ഞോ എന്ന് നോക്കാനായി നാലുവർഷങ്ങൾക്ക് ശേഷം വീണ്ടും അവിടേക്ക് ചെന്നു. വീട് അടഞ്ഞുകിടക്കുകയാണ്. അവർ എങ്ങോട്ട് പോയി എന്ന് ആർക്കും അറിയില്ല. കുറച്ച് ദൂരെയുള്ള കടയു ടെ അടുത്തേക്ക് ഞാൻ നടന്നു. എന്തെങ്കിലും വിവരം കിട്ടിയാലോ...ആ കടയുടെ അടുത്തുതന്നെ കുമുദത്തിന്റെ മൂത്തമകൾ ഇളയ കുട്ടിയെ മടിയിൽ വച്ച് ഇരിക്കുന്നു.

"ഇവൾ നാലാമത്തെ കുട്ടിയാ...മാമൻ കണ്ടിട്ടില്ലല്ലോ.... സ്വരാജ്യം എന്നാ പേര്..... ചിണുങ്ങാൻ തുടങ്ങിയ അനിയത്തിയെ താലോലിച്ചു കൊണ്ട് അവൾ സംസാരം തുടർന്നു .

"അമ്മ എവിടെ?"

"ന്യൂമോണിയ പിടിച്ച് ആശുപത്രിയിലാ... അച്ഛൻ ഇവൾക്ക് എന്തെ ങ്കിലും കഴിക്കാൻ വാങ്ങാൻ ഹോട്ടലിൽ പോയതാ..."

നേരെ ആശുപത്രിയിലേക്ക് ഞാൻ പോയി. എന്നെ കണ്ടതും അവളു ടെ മുഖത്ത് ഒരു വാടിയ പുഞ്ചിരി വിടർന്നു.

"എന്നെക്കുറിച്ച് കഥ എഴുതാമോ"?

എനിക്ക് ഒന്നും മിണ്ടാൻ പറ്റിയില്ല .

"അസുഖമാണെന്ന കാര്യം ഒന്ന് അറിയിക്കാമായിരുന്നു... ഡോക്ടർ എന്ത് പറഞ്ഞു?"

"രോഗം വരിക എന്നുപറയുന്നത് സാധാരണ കാര്യം ആണ്. നാട് നീളെ പറഞ്ഞുനടക്കാൻ മാത്രം പ്രത്യേകത ഒന്നും അസുഖത്തിന് ഇല്ല...പേടിക്കേണ്ട എന്നാണു ഡോക്ടർ പറയുന്നത്... അവർക്ക് അതല്ലേ പറയാൻ പറ്റൂ.

എനിക്ക് അവിടെനിന്ന് എത്രയും പെട്ടന്ന് പോകാൻ തോന്നി. എന്തോ പറയാൻ ഞാൻ ശ്രമിച്ചു....വാക്കുകൾ പുറത്തുവരുന്നുണ്ടായിരുന്നില്ല. ഞാൻ അവളുടെ കൈകൾ എന്റെ കൈകളിലേക്ക് എടുത്തു. വിവാഹമോ തിരം അണിഞ്ഞ ആ കൈ അവൾ പെട്ടന്നുതന്നെ പുതപ്പിന് അകത്തേ ക്ക് കയറ്റി.

"നിങ്ങൾ കല്യാണം കഴിക്കാതിരുന്നത് എന്താണെന്ന് എനിക്കറിയാം. നിങ്ങൾക്ക് എന്നെ ഇഷ്ടമായിരുന്നു." അവൾ കണ്ണുകൾ അടച്ചുകിടന്നു.

തിരഞ്ഞെടുത്ത തെലുഗു കഥകൾ ... പോയാലോ എന്ന് ഞാൻ ചിന്തിച്ചു. ജയി
പ്രവർത്തകനായി ജയിലിൽ പോയാലോ എന്ന് ഞാൻ ചിന്തിച്ചു. ജയി
ലിൽനിന്ന് എന്റെ സ്വപ്നമായ മഹാഗ്രന്ഥരചനയും നടത്താൻ പറ്റും
പക്ഷേ രാഷ്ട്രീയത്തിൽ ഇറങ്ങണം എങ്കിലും ആരെങ്കിലും സഹായികൾ
വേണ്ടേ?

"നിരാശപ്പെടേണ്ട...നിനക്ക് നല്ലൊരു ജോലി കിട്ടും." മാമൻ എന്നെ
പ്രോത്സാഹിപ്പിച്ചു. കുറച്ചു ദിവസങ്ങൾക്ക് ശേഷം എനിക്ക് ഒരു ഇന്റർ
വ്യൂവിന് ഹാജരാകാനുള്ള മെമ്മോ കിട്ടി. നേരെ മാമന്റെ അടുത്ത്
എത്തി...

"ഇന്റർവ്യൂവിന് പോകാൻ എനിക്ക് ഒരു അമ്പതുരൂപാ തരാമോ"

"അയ്യോ, തികയില്ല കുട്ടി ...ഒരു കാര്യം ചെയ്യൂ. കുമുദത്തിന്റെ അടു
ത്ത് പോയി രണ്ടു മാസത്തെ വാടക അഡ്വാൻസായി തരാൻ പറയൂ."

വീണ്ടും കുമുദത്തിന്റെ അടുത്തേയ്ക്ക്... വീട്ടിലെ കിണറിന്റെ അടുത്ത്
ഒരു ആൺകുട്ടി കളിച്ചുകൊണ്ടിരിക്കുന്നുണ്ടായിരുന്നു. അവന് ഞാൻ
പറഞ്ഞതൊന്നും മനസ്സിലായില്ല. കുമുദത്തിന് പേരക്കാ പറിച്ചുകൊടു
ത്തിരുന്ന പേരമരത്തിൽ ഊഞ്ഞാൽ കെട്ടിയിരിക്കുന്നു. എവിടെ നിന്നോ
ഒരു പെൺകുട്ടി ഓടിവന്നു. തൊട്ടുപുറകെ കുമുദവും ഉണ്ടായിരുന്നു.
തൊടിയിൽനിന്നും പറിച്ച ചെടി അവൾ എന്റെ മുന്നിലേക്കിട്ടു.

"ചെടിയിലെ ഇലകൾ മുഴുവൻ പുഴു തിന്നു. പുഴുവും സൗന്ദര്യം
ഉള്ളതാണ്, ചെടിയും. എന്നുവെച്ച് ഒരു സൗന്ദര്യം, മറ്റൊരു സൗന്ദര്യ
ത്തെ നശിപ്പിക്കുന്നത് ശരിയാണോ?"

"ഇതെപ്പോഴാ വന്നത് ? വന്നിട്ട് വിളിച്ചില്ലല്ലോ? എന്റെ പേര് മറന്നോ?"

"ഇല്ല, ഞാൻ തോട്ടം നോക്കുകയായിരുന്നു."

"അതിലെന്താണ് നോക്കാൻ ഉള്ളത്. വിത്ത് വിതച്ച്, വളവും, വെള്ള
വും നൽകിയാൽ ചെടികൾ നന്നാവും. ഇതൊക്കെ സാധാരണ ചെടിക
ൾ തന്നെയാണ്." അവൾ കുസൃതിച്ചിരിയോടെ പറഞ്ഞു.

"എന്റെ മൂത്തമോളെ കണ്ടോ നിങ്ങൾ. അവൾക്ക് നല്ല ആലോചന
വല്ലതും ഉണ്ടെങ്കിൽ പറഞ്ഞോളൂ. അത് രണ്ടാമത്തെ മകൻ. മൂന്നാമൻ
ആണു ഇവൻ."

"മോളെ, ഒരു ബക്കറ്റ് കൊണ്ട് വരൂ" പിന്നെ എന്നോടായി കുമുദം
പറഞ്ഞു.

"കിണറിൽനിന്ന് കുറച്ച് വെള്ളം കോരിത്തരാമോ? കൈ ഒന്ന് കഴു
കാനാ".

പരിചയമില്ലാത്ത ജോലി.... കോരിയ വെള്ളത്തിൽ പകുതിയും
കിണറിലേക്ക്തന്നെ വീണു.

"വെള്ളം കോരാൻ പോലും അറിയില്ലേ? ഭാര്യ ഇല്ലാത്ത സമയം



നിങ്ങൾതന്നെ കോരേണ്ടിവരും." കുമുദം ചിരിയോടെ പറഞ്ഞു.

"എന്റെ കല്യാണം കഴിഞ്ഞിട്ടില്ല."

അവൾ വിശ്വസിക്കാൻ പറ്റാത്ത പോലെ എന്നെ നോക്കി.

"ജോലി ഇതുവരെ ശരിയായിട്ടില്ല. ജോലിയും കൂലിയും ഇല്ലാത്ത
വന് എന്ത് കല്യാണം?"

എന്റെ വാക്കുകൾ കേൾക്കാത്ത പോലെ കുമുദം പറഞ്ഞു .

"വരൂ, ഇരിക്കൂ ...ഊഞ്ഞാലിൽ ഇരുന്നാൽ മതി...കഴിഞ്ഞ തവണ
പൊട്ടിച്ച കസേര ഇത് വരെ ശരിയാക്കാൻ പറ്റിയില്ല വേറെ കസേര
വാങ്ങാൻ കാശുമില്ല."

"എത്ര കാലമായി നമ്മൾ കണ്ടിട്ട്?"

"ഏകദേശം, ആറു വർഷം."

"നിങ്ങൾ ഒരുപാട് മാറിയിരിക്കുന്നു."

എന്താണ് എനിക്ക് വന്ന മാറ്റം എന്ന് ചോദിയ്ക്കാൻ എനിക്ക്
തോന്നി... എനിക്ക് സംസാരിക്കാൻ ഇടനൽകാതെ അവൾ ചോദിച്ചു.

"എവിടൊക്കെ പോയി എന്തൊക്കെ ചെയ്തു?"

"ഉത്തരേന്ത്യയിൽ പലയിടത്തും പോയി. എവിടെയും ജോലി ശരി
യായില്ല."

"ജോലി ഇല്ല എന്ന് വച്ച നിരാശ വേണ്ട. ജോലി കിട്ടിയാൽ പിന്നെ
ജീവിതം ജോലിക്കായി മാത്രമാകും. ലോകവുമായി ഒരു ബന്ധവും
ഉണ്ടാകില്ല. ആരുടെയെങ്കിലും അടിമയായി ഇരിക്കേണ്ടിവരും, സ്ത്രീക
ൾക്ക് ജോലി ഇല്ലാതിരിക്കുന്നത് തന്നെയാണ് ഒരു കണക്കിന് നല്ലത്."

ജോലി ഇല്ലാത്തവൻ എന്ന രീതിയൽ എന്നെ വെറുക്കാത്ത കുമുദ
ത്തിനോട് എനിക്ക് ബഹുമാനം തോന്നി.

"വിദേശരാജ്യങ്ങളിലെ സ്ത്രീകൾ നമ്മുടെ നാട്ടിലെ സ്ത്രീകളുടെ
അത്ര അടിമത്തം അനുഭവിക്കുന്നില്ല"

കുമുദം തൊടിയിൽനിന്നും കാട്ടുപൂക്കൾ പിച്ചിയെടുത്ത് തലയിൽ
തിരുകി.

"ആരായാലും, ആരുടെ എങ്കിലും അടിമ ആയിരിക്കും. ഈശ്വരൻ
പോലും ഭക്തനെ അടിമയാക്കി വയ്ക്കുയല്ലേ ചെയ്യുന്നത്?"

"എനിക്ക് ഇതുവരെ ജോലി നൽകാൻ തയ്യാറാകാത്ത സമൂഹത്തിനെ
ഞാനെന്തിന് ആദരിക്കണം ...എനിക്ക് മൻസ്സിലാകുന്നില്ല"

"നിങ്ങൾക്ക് ജോലി ഇല്ല എന്ന് പറയുന്നത് നിങ്ങൾക്ക് ഭ്രാന്തായത്
കൊണ്ടല്ലേ? നിങ്ങൾ എന്നോട് പറഞ്ഞിട്ടുണ്ട് എന്തോ വല്യ കാര്യം
ചെയ്യാൻ ആണ് നിങ്ങൾ ജന്മമെടുത്തത് എന്ന്. അത് ഞാൻ വിശ്വസി
ക്കുന്നു. അതിൽ ഉറച്ചുനിന്നുകൊണ്ട് നിങ്ങൾക്ക് മുന്നോട്ട് പോയ്ക്കൂടെ?

ഞാൻ കഷ്ടപ്പെട്ട് എഴുന്നേറ്റു .

"ഓർമ്മയുണ്ടോ, നാലുവർഷമായി നമ്മൾ തമ്മിൽ കണ്ടിട്ട്."

"ഓർമ്മയില്ല, നീ എങ്ങിനെ ഇതൊക്കെ ഓർക്കുന്നു? ഭർത്താവിനും മക്കൾക്കും സുഖംതന്നെയല്ലേ ?"

"നിങ്ങളുടെ അനുഗ്രഹം കൊണ്ട് സുഖമായിരിക്കുന്നു."

"നിന്നെക്കുറിച്ച് കൂടുതൽ അറിയാൻ ആഗ്രഹമുണ്ട്."

"ഞാൻ ഒരു സാധാരണക്കാരിയല്ലേ? എന്നെക്കുറിച്ച് എന്ത് പറയാൻ.." അവൾ ഉദാസീനതയോടെ പറഞ്ഞു.

"ഇപ്പോഴേ ജീവിതം മടുത്തോ നിനക്ക് ?"

"ആ ചോദ്യം എന്നെ കുഴപ്പത്തിലാക്കുന്നതാണ്. നിങ്ങളുടെ കാര്യം പറയൂ. എന്ത് ചെയ്യുന്നു? എവിടെയാണ് താമസം?"

തൊഴിൽ ഇല്ലാത്ത ഒരു ചെറുപ്പക്കാരൻ നിശബ്ദനായി പോകുന്ന ചോദ്യം.

"പ്രത്യേകിച്ച് ഒന്നുമില്ല എഴുത്തുമായി മുന്നോട്ടു പോകുന്നു."

"എന്നെക്കുറിച്ച് എഴുതാറുണ്ടോ?"

ഞാൻ ചിരിച്ചു. അപ്പോഴേക്കും നടക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു കുട്ടി അവിടേക്ക് കരഞ്ഞുകൊണ്ട് വന്നു. എന്നെ കണ്ടതും കരച്ചിൽ നിർത്തി, കൌതുകത്തോടെ നോക്കി.

"എന്റെ മോളാണ്... മൂന്ന് വയസ്സാകാറായി." കുമുദം അഭിമാനത്തോടെ പറഞ്ഞു.

"നിനക്ക് കുട്ടികൾ ആയ വിവരം ഒന്നും ഞാൻ അറിഞ്ഞതേയില്ല ."

"ഓ...കല്യാണം കഴിഞ്ഞാൽ കുട്ടികൾ ഉണ്ടാകുന്നത് സാധാരണ കാര്യമല്ലേ? കുറച്ചുകഴിഞ്ഞാൽ ഇവളും കല്യാണം കഴിക്കും, കുട്ടികൾ ഉണ്ടാകും... അതങ്ങിനെ തുടരും. അതിലൊക്കെ പറയാൻ എന്തിരിക്കുന്നു?"

സ്വന്തം കുട്ടികളെക്കുറിച്ച് പറയുമ്പോൾ മാതാപിതാക്കൾക്ക് ഉണ്ടാകുന്ന ഒരു സന്തോഷം ഒന്നും അവളിൽ ഉണ്ടായിരുന്നില്ല. ആ കുട്ടി അവളുടേത് തന്നേ അല്ലേ ...... ആകെ മെലിഞ്ഞുണങ്ങിയ ശരീര പ്രകൃതിയുള്ള അവൾ എങ്ങിനെ കുട്ടിയെ പത്തുമാസം വയറിൽ ചുമന്നുനടന്നു എന്ന് ഞാൻ ചിന്തിച്ചു പോയി.

"മോൾ ആരെപ്പോലെയാ ? നിന്നെപ്പോലെയോ അതോ നിന്റെ ഭർത്താവിനെപ്പോലെയോ?"

"എനിക്കറിയില്ല....നിങ്ങൾക്ക് പറയുവാൻ പറ്റുമായിരിക്കും."

"ഞാൻ ഇതുവരെ നിന്റെ ഭർത്താവിനെ കണ്ടിട്ടില്ല ."

"ഇപ്പോൾ കണ്ടോളൂ ......അപ്പുറത്ത് ഉണ്ട്"





പുറത്ത് കുട്ടികൾക്ക് പാഠങ്ങൾ ചൊല്ലിക്കൊടുക്കുന്നത് കേൾക്കാൻ പറ്റുന്നുണ്ട്. ഞാൻ കരുതി ക്ലാസ് തീർന്നിട്ട് പരിചയപ്പെടാം. കുമുദം കൈതച്ചക്ക എന്റെ മുന്നിലേക്ക് നീക്കി വച്ച് കൊണ്ട് പറഞ്ഞു

"വെയിലത്ത് വന്നതല്ലേ....മുഖം ആകെ കരുവാളിച്ചിരിക്കുന്നു ...കഴിച്ചോളൂ"

"എന്നെ കണ്ടാൽ ക്ഷീണമുള്ളതുപോലെ തോന്നുന്നുണ്ടോ?"

"നമുക്ക് പ്രായം കൂടികൊണ്ടിരിക്കുകയാണ്."

"എന്റെ കാര്യത്തിൽ ശരിയായിരിക്കാം...നിനക്ക് പ്രായം കുറയുന്നതായാണ് എനിക്ക് തോന്നുന്നത്."

"അത് പ്രകൃതിവിരുദ്ധമായ കാര്യമാണ്. പ്രായം കൂടും കുറയില്ല". കുമുദം പറഞ്ഞു .

കുറച്ചുനേരം ഞങ്ങൾക്കിടയിൽ നിശബ്ദത പടർന്നു. ഞാൻ ഓർത്തു, എപ്പോഴും ഇതുതന്നെയാണ് നടക്കുന്നത്.

"നമ്മുടെ രാജ്യത്തിൽ ജനസംഖ്യ ക്രമാതീതമായി കൂടിക്കൊണ്ടിരിക്കുകയാണ്. ഇതേ പോക്ക് പോയാൽ കഴിക്കാൻ ധാന്യങ്ങൾ ലഭിക്കില്ല എന്നാണ് വിദഗ്ദ്ധർ പറയുന്നത്."

"അതൊക്കെ സാധാരണക്കാരിയായ ഞാൻ അറിഞ്ഞിട്ട് എന്ത് കാര്യം? പ്രകൃതി അതിന്റെ വഴിക്ക് കാര്യങ്ങൾ നടത്തിക്കൊള്ളും. നിൽക്കൂ, ഞാൻ വാടക കൊണ്ടുവന്നു തരാം ."

"ഞാൻ അതിനു വന്നതല്ല. അത് മണി ഓർഡർ അയച്ചുകൊടുത്തോളൂ."

കുമുദത്തിന്റെ ഭർത്താവിനെ പരിചയപ്പെടണം എന്ന കാര്യംകൂടി മറന്നു ഞാൻ നടന്നു. കുമുദം എന്നെ തിരിച്ചുവിളിക്കും എന്ന് ഞാൻ കരുതി. പക്ഷേ, അങ്ങിനെ ഒന്നും ഉണ്ടായില്ല. എനിക്ക് പിന്നിൽ വാതിൽ അടയുന്ന ശബ്ദം ഞാൻ കേട്ടു.

കുമുദത്തെ കുറിച്ച് ഞാൻ എന്തെഴുതും?

ആറു വർഷങ്ങൾ കടന്നുപോയി. രണ്ടാംലോക മഹായുദ്ധം ആരംഭിച്ചു. എന്റെ പഠനം, ജോലിക്കുള്ള ശ്രമം എല്ലാം തുടർന്നുകൊണ്ടിരുന്നു. മാമൻ എനിക്കുവേണ്ടി ഒരുപാട് തുക ചിലവാക്കി. പക്ഷേ ജോലി എന്നെ സംബന്ധിച്ചിടത്തോളം ബാലികേറാമലയായിത്തന്നെ തുടർന്നു.

മാമനും അമ്മായിയും പി.എഫിൽ നിന്നും കിട്ടിയ തുകയുമായി ഭാരതം കാണാൻ ഇറങ്ങി. ഞാൻ അനുഭവിച്ചുകൊണ്ടിരിക്കുന്ന തൊഴിലില്ലായ്മയെക്കുറിച്ച് കുറെ കഥകൾ എഴുതി. തൊഴിലില്ലായ്മ പരിഹരിക്കാൻ ഉള്ള നിർദ്ദേശങ്ങൾ വച്ചുകൊണ്ട് ഒട്ടേറെ ഇംഗ്ലിഷ് ലേഖനങ്ങൾ എഴുതി. അതൊന്നും ആരും ശ്രദ്ധിച്ചില്ല. സമൂഹത്തിന്റെ ശ്രദ്ധനേടാൻ രാഷ്ട്രീയ

എവിടെയെങ്കിലും ജനിക്കുന്നു, ആരെയെങ്കിലും കല്യാണം കഴിക്കു
ന്നു, കുട്ടികൾ ഉണ്ടാകുന്നു, പിന്നെ മരണം. തുടർന്നുകൊണ്ടിരിക്കുന്ന
പ്രക്രിയ.. ഇതിനെക്കുറിച്ച് എന്ത് എഴുതാൻ? നാട്ടുനടപ്പിന് അനുസരിച്ച്
ജീവിക്കാതെ, മാറ്റത്തിനുവേണ്ടി ശ്രമിക്കുന്നവർ സമൂഹത്തിന്റെ ശ്രദ്ധ
കേന്ദ്രമാകും. നാട്ടുനടപ്പനുസരിച്ചു ജീവിക്കുന്നവര് ആരുടെയും ശ്രദ്ധയി
ൽ വരുന്നില്ല.

അവൾക്ക് വിദ്യാഭ്യാസം കുറവാണ്. സംഗീതം അവളുടെ ഏഴയല
ത്തു കൂടി പോയിട്ടില്ല. പ്രേമവിവാഹം ആയിരുന്നില്ല അവളുടേത്. വലിയ
ധനികയും അല്ല. കാരുണ്യം കാണിക്കാൻ മാത്രം മാത്രം ദരിദ്രയും അല്ല.
അവളുടെ അച്ഛൻ മരിച്ചുപോയതാണ്. അമ്മ മകന്റെ കൂടെ എവിടെയോ
ജീവിക്കുന്നു. അവളുടെ കുടുംബത്തിനും പ്രത്യേകിച്ച് പാരമ്പര്യം ഒന്നും
ഇല്ല. നാട്ടുനടപ്പിനനുസരിച്ച് ജീവിക്കുന്ന കുമുദത്തെ കുറിച്ച് എന്ത് എഴു
താൻ?

"ഭർത്താവ് എന്തു ചെയ്യുന്നു"? ഞാൻ ചോദിച്ചു.

"ബി.എഡ് ചെയ്യുന്നു."

"മാഷാവാനുള്ള ശ്രമത്തിൽ ആണല്ലേ? ആളെങ്ങിനെ നല്ലവനാണോ?"

"മാഷാവാനുള്ള ശ്രമത്തിൽ ആണല്ലേ? ആളെങ്ങിനെ നല്ലവനാണോ?"
"നല്ലതെന്ത് എന്ന് എനിക്ക് എങ്ങിനെ പറയാൻപറ്റും? കഥ എഴുതു
ന്നതുകൊണ്ട് നിങ്ങൾക്ക് പറയാൻ പറ്റുമായിരിക്കും."

"എല്ലാവരും ജീവിക്കുന്നത് പോലെ ജീവിച്ച് ജീവിതം തീർക്കുന്നതി
ൽ കാര്യം ഇല്ല, കുമുദം. സമൂഹത്തെ മുന്നോട്ടു നയിക്കാൻ തയ്യാറായി
സ്ത്രീകൾ മുന്നോട്ടു വരണം."

"സ്ത്രീകൾ കല്യാണംവേണ്ട എന്ന് പറഞ്ഞു വിവാഹമണ്ഡപത്തിൽ
നിന്നും പോകണം എന്നാണോ നിങ്ങൾ പറയുന്നത്?"

"കല്യാണം കഴിക്കേണ്ട എന്നല്ല ഞാൻ പറയുന്നത്. ഞാൻ ചോദിക്ക
ട്ടെ കല്യാണം കഴിഞ്ഞതുകൊണ്ട് നിനക്ക് എന്ത് കിട്ടി? നീ ആഗ്രഹിച്ച
പ്രേമം കിട്ടിയോ?"

"നിങ്ങൾ എന്താണ് പറയാനുദ്ദേശിക്കുന്നത്? കല്യാണംകഴിച്ച സ്ത്രീ
അവളുടെ ഭർത്താവിനെ ഉപേക്ഷിച്ചാൽ അവളെക്കുറിച്ച് കഥ എഴുതും
എന്നാണോ ?"

എനിക്ക് ദേഷ്യം വന്നു തുടങ്ങി.

"അങ്ങിനെ വെറുതെ കളഞ്ഞു പോകാൻ പറ്റുമോ? എന്തെങ്കിലും
കാര്യം വേണ്ടേ ഉപേക്ഷിക്കാൻ?"

"നിങ്ങൾ എന്താണ് പറയുന്നത്?"

"വിവാഹജീവിതത്തിൽ പ്രേമം ഇല്ലെങ്കിൽ ...ആ ജീവിതം വ്യർത്ഥ
മാണ്."





"കല്യാണം കഴിക്കാത്ത നിങ്ങൾക്ക് അതെങ്ങിനെ പറയാൻ പറ്റും?"

"പ്രേമം ഇല്ലാത്ത വിവാഹ ജീവിതം ...അത് എങ്ങിനെ?"

"ഭർത്താവ് സ്നേഹിക്കുന്നില്ല എങ്കിൽ തനിക്കു സ്നേഹമുള്ള ആളി
ന്റെ കൂടെ പോകണം എന്നാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്?"

അവളുടെ ചോദ്യം കേട്ടതും ഞാൻ ചിരിച്ചു.

"അങ്ങിനെ ഒരു സ്ത്രീ ചെയ്താൽ ഞാൻ അവളെ അഭിനന്ദിക്കും."

കുമുദം ഒന്നും മിണ്ടിയില്ല. ആ സംസാരം അവളെ എത്ര മാത്രം പിടി
ച്ചുലച്ചു എന്ന് എനിക്ക് അറിയാനായില്ല.

"പക്ഷേ, പക്ഷേ"

"എന്താ നിന്റെ സംശയം?"

"എനിക്ക് കുറച്ചു സംശയങ്ങൾ ഉണ്ട്. അത് എങ്ങിനെയാണ് പറയേ
ണ്ടത് എന്നറിയില്ല. ഞാൻ പഠിപ്പില്ലാത്തവളല്ലേ ...... കുറച്ചു സമയം തരൂ
.....ഞാൻ ആലോചിക്കട്ടെ..."

ഞാൻ അവളെത്തന്നെ നോക്കിയിരുന്നു. അവളുടെ ആത്മാവ് മറ്റെ
ങ്ങോ ആണെന്നും, ശരീരം മാത്രമാണ് ഇവിടെ ഉള്ളതെന്നും എനിക്ക്
തോന്നി. അവൾ കണ്ണുകളടച്ച് ചിന്തയിൽ മുഴുകി ഇരിക്കുകയാണ്.

"സൂര്യനെയും ചന്ദ്രനേയും ഞാൻ എന്നും കാണുന്നതാണ്. പക്ഷേ
ഓരോ തവണ കാണുമ്പോഴും പുതുമ തോന്നാറുണ്ട് എനിക്ക്. ഓരോ
തവണ വെള്ളം കുടിക്കുമ്പോഴും പുതുമ തോന്നുന്നു.....നക്ഷത്രങ്ങൾ."
"നക്ഷത്രങ്ങൾ ......അവരെക്കുറിച്ച് എന്ത് കഥ എഴുതും"?

"ഞാൻ പോകുന്നു" അവൾ അത് കേട്ടോ എന്ന് എനിക്കറിയില്ല.

പിന്നീടു നാലുവർഷങ്ങൾക്കു ശേഷം മറ്റൊരു ആവശ്യത്തിനായി
കുമുദം താമസിക്കുന്ന സ്ഥലത്തേക്ക് എനിക്ക് പോകേണ്ടി വന്നു. മീന
മാസത്തിലെ കത്തുന്ന ചൂടിൽനിന്ന് രക്ഷനേടാൻ ഞാൻ അമ്മാവൻ
വാടകക്ക് നൽകിയ ആ കെട്ടിടത്തിന്റെ പിൻഭാഗത്തേക്ക് ചെന്നു.

കുമുദം അവിടെ കസേരയിൽ ഇരുന്ന് കൈതച്ചക്ക അരിഞ്ഞിടുകയാ
യിരുന്നു. അപ്രതീക്ഷിതമായി എന്നെ കണ്ടപ്പോൾ അവൾ ചാടി എഴു
ന്നേറ്റു. സാരിതലപ്പ് തലയിലേക്ക് ഇട്ടുകൊണ്ട് ഉള്ളിലേക്ക് പോയി ഒരു
കസേര എടുത്തുകൊണ്ട് വന്നു. കാത്തിരുന്ന ആരോ വന്ന പോലെയു
ള്ള ഒരു മുഖഭാവം അവൾക്കുണ്ടായിരുന്നു. ഞാൻ കസേരയിൽ ഇരുന്ന
തും എന്റെ ഭാരം താങ്ങാൻ വയ്യാതെ ആ കസേര ഒടിഞ്ഞതും ഒരുമിച്ചാ
യിരുന്നു. വീണുകിടന്ന എന്നെ നോക്കി ചിരിയോടെ അവൾ പറഞ്ഞു .

"മറ്റ് കസേരകൾ നിങ്ങളുടെ ഭാരം താങ്ങുന്നതുപോലെ താങ്ങാനാ
തെ ഈ കസേര തകർന്നതുകൊണ്ട് വ്യത്യസ്തമായിരിക്കുന്നു. ഇതി
ന്റെ കഥ എഴുതാമല്ലോ നിങ്ങൾക്ക്."

"ഇതുപോലെ എന്നെക്കുറിച്ചും കഥ ഉണ്ടാക്കി പറഞ്ഞുതന്നൂടെ?"

അവൾ ആ ചോദ്യം ചോദിച്ചില്ല എങ്കിൽ തീർച്ചയായും അവളെ കുറിച്ച് കഥ ഉണ്ടാക്കി ഞാൻ വേറെ ആരെയെങ്കിലും കേൾപ്പിക്കുമായിരുന്നു. അവളെക്കുറിച്ച് കഥ ഉണ്ടാക്കി മറ്റുള്ളവരെ കേൾപ്പിക്കാൻ എന്തോ ഒരു വിഷമം.

വർഷങ്ങൾക്കുശേഷം അതേ ചോദ്യം അവൾ ആവർത്തിച്ചപ്പോൾ എനിക്ക് അത്ഭുതം തോന്നി. ഞാൻ ഒരു എഴുത്തുകാരനാണെന്ന കാര്യം അവൾ എങ്ങിനെ അറിഞ്ഞു? വായനക്കാരുടെ ശ്രദ്ധ പിടിച്ചു പറ്റാൻ മാത്രം ഉള്ള രചനകൾ ഒന്നും എന്റേതായി വന്നിട്ടില്ല. ഇരുപതു വയസ്സുകാരനായ ഒരു കഥാകാരനെ സമൂഹം അത്ര പെട്ടന്ന് അംഗീകരിക്കില്ലല്ലോ?

ധനികർ കൂടുതൽ പണം ഉണ്ടാക്കുന്നതിലും ദരിദ്രർ ഈശ്വരഭജനത്തിലും മുഴുകുന്ന സമൂഹത്തിൽ ഒരു കഥാകാരന് വിലയില്ല എന്ന് വിശ്വസിക്കുന്ന സമയമായിരുന്നു. അത്..എനിക്ക് പക്വത വന്നിട്ടില്ല എന്ന തോന്നൽ കാരണം കുറേ കഥകൾ ഞാൻ കീറിക്കളഞ്ഞിരുന്നു. സാഹിത്യലോകത്ത് വഴികാട്ടികൾ ആരും ഇല്ലാതിരുന്ന എന്നെ താത്ക്കാലികമായെങ്കിലും ഒന്ന് അഭിനന്ദിക്കാൻ ആരും ഉണ്ടായിരുന്നില്ല. ആ സമയത്താണ് എന്നിലെ എഴുത്തുകാരനെ അംഗീകരിക്കുന്ന രീതിയിൽ ഉള്ള കുമുദത്തിന്റെ ചോദ്യം.

ലോകത്തിൽ നടക്കുന്ന കാര്യങ്ങൾ എന്റേതായ രീതിയിൽ മനസ്സിലാക്കിക്കൊണ്ട്, എന്റേതായ വ്യാഖ്യാനങ്ങൾ നൽകിക്കൊണ്ട് സമൂഹത്തിന് നന്മതിന്മകളെക്കുറിച്ച് അറിവുപകരുന്ന ഒരു മഹാഗ്രന്ഥം രചിക്കണം എന്നതായിരുന്നു എന്റെ ലക്ഷ്യം. അത്തരത്തിൽ ഒരു മഹാഗ്രന്ഥ രചന അല്ലെങ്കിൽ എന്റെ മരണം ഏതെങ്കിലും ഒന്ന് നടക്കും എന്ന കാര്യവും എനിക്ക് ഉറപ്പായിരുന്നു. ഗ്രന്ഥരചന നടക്കില്ലെങ്കിലും മരണം അത് ഉറപ്പുള്ള കാര്യമാണല്ലോ.

അല്ലലുകൾ ഇല്ലാതെ ജിവിതം മുന്നോട്ട് പോകുന്ന സമയത്താണ് ഒരു സ്ത്രീ എന്നോട് തന്നെക്കുറിച്ച് ഒരു കഥ എഴുതാമോ എന്ന് ചോദിക്കുന്നത്. സ്വന്തം വ്യക്തിത്വം മറ്റുള്ളവരെ അറിയ്ക്കണം എന്ന് ആഗ്രഹിക്കുന്ന ഒരു സ്ത്രീയെ ആദ്യമായാണ് ഞാൻ കാണുന്നത്. ഞാൻ കണ്ട സ്ത്രീകളിൽനിന്ന് എന്തോ ഒരു വ്യത്യാസം അവളിൽ ഞാൻ കണ്ടിരുന്നു.

സാധാരണഗതിയിൽ നമ്മുടെ സമൂഹ്യവ്യവസ്ഥയിൽ സ്ത്രീകൾക്ക് സ്വതന്ത്രമായ ഒരു അസ്തിത്വം ഉണ്ടെന്നു എനിക്ക് തോന്നിയിട്ടില്ല. വിവാഹം കഴിഞ്ഞാൽ അവളുടെ ലോകം പിന്നെ ഭർത്താവായി, മക്കൾ ആയാൽ അവളുടെ ലോകം പിന്നെ മക്കൾ ആയി. ഭർത്താവിന്റെ മരണ





ത്തോടെ അവൾ ഇല്ലാതാകുന്നു. ആ ഇല്ലായ്മയിൽനിന്നും അവളെ മോചിപ്പിക്കണം. മോചനത്തിനുള്ള വഴികൾ കഥാകാരനു പറയാൻ കഴിയും. അത് പ്രാവർത്തികമാക്കാൻ സാമൂഹ്യ പരിഷ്കർത്താക്കൾ കൂടിയേ തീരൂ. സാഹിത്യകാരന്മാരും സാമൂഹ്യപരിഷ്കർത്താക്കളും ഒരുമിച്ചുള്ള ആ കൂട്ടായ്മയെക്കുറിച്ചും ഞാനേറെ സ്വപ്നങ്ങൾ കണ്ടു.

"കഥ എഴുതാൻ മാത്രം എന്ത് പ്രത്യേകതയാണ് നിനക്കുള്ളത്?"

ഞാൻ കുമുദത്തിനോട് ചോദിച്ചു. അങ്ങിനെ അവളോട് ചോദിക്കേണ്ടിവന്നതിൽ എനിക്ക് വിഷമം ഇല്ലാതില്ല. നീ പ്രത്യേകതകൾ ഒന്നും ഇല്ലാത്ത നാടൻപെണ്ണല്ലേ എന്ന് അവളെ വേദനിപ്പിക്കാത്ത രീതിയിൽ പറഞ്ഞതാണ്.. ഇരുനിറമുള്ള മെലിഞ്ഞ ശരീരം, പാറിപറന്നു കിടക്കുന്ന മുടിയിഴകൾ, ചെറിയ കണ്ണുകൾ, കഴുത്തിൽ തെളിഞ്ഞു കാണുന്ന നീല ഞരമ്പുകൾ.....അവളുടെ അമ്മ പോലും അവളെ സുന്ദരി എന്ന് വിളിക്കുന്നത് ഞാൻ കേട്ടിട്ടില്ല.

"എന്നെക്കുറിച്ച് കഥയെഴുതാൻ എനിക്ക് എന്താ വേണ്ടത്?"

"എന്തെങ്കിലും ഒരു പ്രത്യേകത, മറ്റാരിലും ഇല്ലാത്ത എന്തെങ്കിലും ഒന്ന് നിനക്ക് ഉണ്ടോ?"

അവൾ ഒന്നുംമിണ്ടാതെ നഖംകൊണ്ട് ചിത്രമെഴുതി നിന്നു. സൗന്ദര്യസങ്കല്പങ്ങൾക്ക് ഒരു തരത്തിലും വഴങ്ങാത്ത പ്രകൃതത്തിനുടമയായ കുമുദം. സൂക്ഷിച്ചുനോക്കുകയാണെങ്കിൽ അവളുടെ ജീവൻ മുഴുവൻ ആ കണ്ണുകളിലൂടെ പുറത്തുപോകുന്നതായി തോന്നും. നാണംവരികയാണെങ്കിൽ ശരീരത്തിലെ രക്തം മുഴുവനും കവിൾത്തടത്തിൽ എത്തിയതായി തോന്നും .

"കല്യാണത്തിന് എന്നെ വിളിച്ചില്ലല്ലോ"..

"നിങ്ങൾക്കൊക്കെ കാർഡ് അയച്ചു എന്നാ അമ്മ പറഞ്ഞത്. കല്യാണത്തിന് വന്നിരുന്നെങ്കിൽ കഥ എഴുതാൻ എന്തെങ്കിലും വിഷയം കിട്ടുമായിരുന്നു."ചിരി അടക്കിപ്പിടിച്ചുകൊണ്ട് അവൾ പറഞ്ഞു

"ഞാൻ തമാശ പറഞ്ഞതല്ല. സാധാരണക്കാരെക്കുറിച്ച് എഴുതാൻ എന്തിരിക്കുന്നു? ഒരേപോലുള്ള പത്തുപേര് ഉണ്ടെങ്കിൽ നമ്മൾ അവരെക്കുറിച്ച് ഒന്നും പറയാറില്ലല്ലോ? അതിൽ ഏതെങ്കിലും ഒരാൾ വ്യത്യസ്തമായി ചെയ്താൽ അവരെക്കുറിച്ച് നമ്മൾ പറയും. അവരെക്കുറിച്ചാണ് എന്തെങ്കിലും എഴുതാൻ പറ്റുക."

"അപ്പോൾ മറ്റുള്ളവർ ചെയ്യുന്നതിന് വിരുദ്ധമായ കാര്യങ്ങൾ ചെയ്യുന്നവരെയാണോ നിങ്ങൾ മനുഷ്യര് ആയി കാണുന്നത്?"

"അല്ല ...അവരെക്കുറിച്ച് എഴുതാൻ പറ്റും എന്നാണു ഞാൻ ഉദ്ദേശിച്ചത്."

"ഇതുപോലെ എന്നെക്കുറിച്ചും കഥ ഉണ്ടാക്കി പറഞ്ഞുതന്നുടെ" അവൾ ആ ചോദ്യം ചോദിച്ചില്ല എങ്കിൽ തീർച്ചയായും അവളെ കുറി ച്ച് കഥ ഉണ്ടാക്കി ഞാൻ വേറെ ആരെയെങ്കിലും കേൾപ്പിക്കുമായിരുന്നു. അവളെക്കുറിച്ച് കഥ ഉണ്ടാക്കി മറ്റുള്ളവരെ കേൾപ്പിക്കാൻ എന്തോ ഒരു വിഷമം.

വർഷങ്ങൾക്കുശേഷം അതേ ചോദ്യം അവൾ ആവർത്തിച്ചപ്പോൾ എനിക്ക് അത്ഭുതം തോന്നി. ഞാൻ ഒരു എഴുത്തുകാരനാണെന്ന കാര്യം അവൾ എങ്ങിനെ അറിഞ്ഞു? വായനക്കാരുടെ ശ്രദ്ധ പിടിച്ചു പറ്റാൻ മാത്രം ഉള്ള രചനകൾ ഒന്നും എന്റേതായി വന്നിട്ടില്ല. ഇരുപതു വയസ്സു കാരനായ ഒരു കഥാകാരനെ സമൂഹം അത്ര പെട്ടന്ന് അംഗീകരിക്കില്ല ല്ലോ?

ധനികർ കൂടുതൽ പണം ഉണ്ടാക്കുന്നതിലും ദരിദ്രർ ഈശ്വരഭജന ത്തിലും മുഴുകുന്ന സമൂഹത്തിൽ ഒരു കഥാകാരന് വിലയില്ല എന്ന് വിശ്വസിക്കുന്ന സമയമായിരുന്നു. അത്..എനിക്ക് പക്വത വന്നിട്ടില്ല എന്ന തോന്നൽ കാരണം കുറേ കഥകൾ ഞാൻ കീറിക്കളഞ്ഞിരുന്നു. സാഹി ത്യലോകത്ത് വഴികാട്ടികൾ ആരും ഇല്ലാതിരുന്ന എന്നെ താത്ക്കാലിക മായെങ്കിലും ഒന്ന് അഭിനന്ദിക്കാൻ ആരും ഉണ്ടായിരുന്നില്ല. ആ സമയ ത്താണ് എന്നിലെ എഴുത്തുകാരനെ അംഗീകരിക്കുന്ന രീതിയിൽ ഉള്ള കുമുദത്തിന്റെ ചോദ്യം.

ലോകത്തിൽ നടക്കുന്ന കാര്യങ്ങൾ എന്റേതായ രീതിയിൽ മനസ്സിലാ ക്കിക്കൊണ്ട്, എന്റേതായ വ്യാഖ്യാനങ്ങൾ നൽകിക്കൊണ്ട് സമൂഹത്തി ന് നന്മതിന്മകളെക്കുറിച്ച് അറിവുപകരുന്ന ഒരു മഹാഗ്രന്ഥം രചിക്കണം എന്നതായിരുന്നു എന്റെ ലക്ഷ്യം. അത്തരത്തിൽ ഒരു മഹാഗ്രന്ഥ രചന അല്ലെങ്കിൽ എന്റെ മരണം ഏതെങ്കിലും ഒന്ന് നടക്കും എന്ന കാര്യവും എനിക്ക് ഉറപ്പായിരുന്നു. ഗ്രന്ഥരചന നടക്കില്ലെങ്കിലും മരണം അത് ഉറ പ്പുള്ള കാര്യമാണല്ലോ.

അല്ലലുകൾ ഇല്ലാതെ ജിവിതം മുന്നോട്ട് പോകുന്ന സമയത്താണ് ഒരു സ്ത്രീ എന്നോട് തന്നെക്കുറിച്ച് ഒരു കഥ എഴുതാമോ എന്ന് ചോദിക്കു ന്നത്. സ്വന്തം വ്യക്തിത്വം മറ്റുള്ളവരെ അറിയ്ക്കണം എന്ന് ആഗ്രഹിക്കുന്ന ഒരു സ്ത്രീയെ ആദ്യമായാണ് ഞാൻ കാണുന്നത്. ഞാൻ കണ്ട സ്ത്രീകളിൽനിന്ന് എന്തോ ഒരു വ്യത്യാസം അവളിൽ ഞാൻ കണ്ടിരുന്നു.

സാധാരണഗതിയിൽ നമ്മുടെ സമൂഹ്യവ്യവസ്ഥയിൽ സ്ത്രീകൾക്ക് സ്വതന്ത്രമായ ഒരു അസ്തിത്വം ഉണ്ടെന്നു എനിക്ക് തോന്നിയിട്ടില്ല. വിവാഹം കഴിഞ്ഞാൽ അവളുടെ ലോകം പിന്നെ ഭർത്താവായി, മക്കൾ ആയാൽ അവളുടെ ലോകം പിന്നെ മക്കൾ ആയി. ഭർത്താവിന്റെ മരണ





ത്തോടെ അവൾ ഇല്ലാതാകുന്നു. ആ ഇല്ലായ്മയിൽനിന്നും അവളെ മോചി പ്പിക്കണം. മോചനത്തിനുള്ള വഴികൾ കഥാകാരനു പറയാൻ കഴിയും. അത് പ്രാവർത്തികമാക്കാൻ സാമൂഹ്യ പരിഷ്കർത്താക്കൾ കൂടിയേ തീരൂ. സാഹിത്യകാരന്മാരും സാമൂഹ്യപരിഷ്കർത്താക്കളും ഒരുമിച്ചുള്ള ആ കൂട്ടായ്മയെക്കുറിച്ചും ഞാനേറെ സ്വപ്നങ്ങൾ കണ്ടു.

"കഥ എഴുതാൻ മാത്രം എന്ത് പ്രത്യേകതയാണ് നിനക്കുള്ളത്?"

ഞാൻ കുമുദത്തിനോട് ചോദിച്ചു. അങ്ങിനെ അവളോട് ചോദിക്കേ ണ്ടിവന്നതിൽ എനിക്ക് വിഷമം ഇല്ലാതില്ല. നീ പ്രത്യേകതകൾ ഒന്ന ഇല്ലാത്ത നാടൻപെണ്ണല്ലേ എന്ന് അവളെ വേദനിപ്പിക്കാത്ത രീതിയി പറഞ്ഞതാണ്.. ഇരുനിറമുള്ള മെലിഞ്ഞ ശരീരം, പാറിപറന്നു കിടക്കു മുടിയിഴകൾ, ചെറിയ കണ്ണുകൾ, കഴുത്തിൽ തെളിഞ്ഞു കാണുന്ന ന ഞരമ്പുകൾ.....അവളുടെ അമ്മ പോലും അവളെ സുന്ദരി എന്ന് വിളി ന്നത് ഞാൻ കേട്ടിട്ടില്ല.

"എന്നെക്കുറിച്ച് കഥയെഴുതാൻ എനിക്ക് എന്താ വേണ്ടത്?"

"എന്തെങ്കിലും ഒരു പ്രത്യേകത, മറ്റാരിലും ഇല്ലാത്ത എന്തെ ഒന്ന് നിനക്ക് ഉണ്ടോ?"

അവൾ ഒന്നുംമിണ്ടാതെ നഖംകൊണ്ട് ചിത്രമെഴുതി നിന്നു. ര്യസങ്കല്പങ്ങൾക്ക് ഒരു തരത്തിലും വഴങ്ങാത്ത പ്രകൃതത്തിനുട കുമുദം. സൂക്ഷിച്ചുനോക്കുകയാണെങ്കിൽ അവളുടെ ജീവൻ മുഴു കണ്ണുകളിലൂടെ പുറത്തുപോകുന്നതായി തോന്നും. നാണംവരിക ങ്കിൽ ശരീരത്തിലെ രക്തം മുഴുവനും കവിൾത്തടത്തിൽ എത്തി തോന്നും .

"കല്യാണത്തിന് എന്നെ വിളിച്ചില്ലല്ലോ"..

"നിങ്ങൾക്കൊക്കെ കാർഡ് അയച്ചു എന്നാ അമ്മ പറഞ്ഞ ണത്തിന് വന്നിരുന്നെങ്കിൽ കഥ എഴുതാൻ എന്തെങ്കിലും വിഷ മായിരുന്നു."ചിരി അടക്കിപ്പിടിച്ചുകൊണ്ട് അവൾ പറഞ്ഞു

"ഞാൻ തമാശ പറഞ്ഞതല്ല. സാധാരണക്കാരെക്കുറിച്ച് എന്തിരിക്കുന്നു? ഒരേപോലുള്ള പത്തുപേര് ഉണ്ടെങ്കിൽ നമ്മ ക്കുറിച്ച് ഒന്നും പറയാറില്ലല്ലോ? അതിൽ ഏതെങ്കിലും ഒരാ സ്തമായി ചെയ്താൽ അവരെക്കുറിച്ച് നമ്മൾ പറയും. അവ ണ് എന്തെങ്കിലും എഴുതാൻ പറ്റുക."

"അപ്പോൾ മറ്റുള്ളവർ ചെയ്യുന്നതിന് വിരുദ്ധമായ ചെയ്യുന്നവരെയാണോ നിങ്ങൾ മനുഷ്യര് ആയി കാണുന്നത്

"അല്ല ...അവരെക്കുറിച്ച് എഴുതാൻ പറ്റും എന്നാണു ഞ ച്ചത്."

# എന്നെക്കുറിച്ചൊരു കഥ എഴുതാമോ?

ബുച്ചി ബാബു
വിവ: ഡോ. രഞ്ജിത്. എം

കുമുദം ചോദിച്ചു: "എന്നെക്കുറിച്ചൊരു കഥ എഴുതാമോ"? ഞാൻ ആശ്ചര്യപ്പെട്ടുപോയി. എനിക്ക് നല്ല ഓർമ്മയുണ്ട്. കൃത്യം എട്ടുവർഷംമുമ്പ് ചോദിച്ച അതേ ചോദ്യം.

കുമുദവും അവളുടെ കുടുംബവും എന്റെ മാമന്റെ കെട്ടിടത്തിലായിരുന്നു വാടകയ്ക്ക് താമസിച്ചിരുന്നത്. വാടക വാങ്ങാനായി അമ്മായി മിക്കപ്പോഴും എന്നെ ആയിരുന്നു വിട്ടിരുന്നത്. ആദ്യമായി ഞാൻ അവളെ കണ്ടത് എന്റെ പന്ത്രണ്ടാംവയസ്സിൽ ആയിരുന്നു. എന്നെ കണ്ട നിമിഷം തന്നെ ഒരു ഇരുമ്പുകമ്പിയിൽ ഉറപ്പിച്ച തകരടയർ വണ്ടിയുമായി അവൾ അകത്തേക്ക് ഓടിക്കയറിയ ചിത്രം ഇപ്പോഴും എന്റെ മനസ്സിൽ ഉണ്ട്. എന്നെക്കാൾ രണ്ടു വയസ്സ് പ്രായം കുറവായ അവളെ കണ്ടു കഴിഞ്ഞാൽ ഞാൻ വന്ന കാര്യമൊക്കെ മറന്നുകൊണ്ട് സംസാരത്തിൽ മുഴകും.

തൊടിയിൽ ഉണ്ടായിരുന്ന തേനൂറുന്ന പേരയ്ക്ക പേരമരത്തിൽ നിന്ന് പറിച്ചുകൊടുക്കാൻ പറഞ്ഞുകൊണ്ട് അവൾ പിന്നാലെ കൂടും. പേരക്കാനിറമുള്ള കുമുദത്തിന് ഞാൻ കുറെ കഥകളും പറഞ്ഞുകൊടുക്കും. അതിലെ കഥാപാത്രങ്ങൾ ആയി വന്നിരുന്നത് ഗ്രാമത്തിലെ തന്നെ കുട്ടികളും, മുതിർന്നവരും ഒക്കെ ആയിരുന്നു. എന്റെ കഥകൾ കേട്ട് അവളുടെ കണ്ണുകൾ അത്ഭുതത്തിൽ വിടരുന്നതും, എന്നെ ആരാധനയോടെ നോക്കുന്നതും എന്നിലെ കഥാകാരൻ അൽപ്പം അഹങ്കാരത്തോടെയാണ് കണ്ടിരുന്നത്.

യഥാർത്ഥത്തിൽ നടക്കാത്ത സംഭവം പൊടിപ്പും തൊങ്ങലും ഒക്കെ ചേർത്ത് കഥാരൂപത്തിൽ അവതരിപ്പിച്ചുകഴിഞ്ഞാൽ അതെല്ലാം സത്യമാണ് എന്ന് ഞാൻ വിശ്വസിച്ചു എന്ന മട്ടിലായിരുന്നു അവളുടെ പ്രതികരണം. യഥാർത്ഥത്തിൽ ആ കാര്യം അങ്ങിനെ അല്ലല്ലോ എന്ന കാര്യം ഓർത്ത് ഞാൻ നിശബ്ദനാകും. അത്തരം ഒരു നിമിഷത്തിൽ ആണ് അവൾ എന്നോട് ആദ്യമായി ആ ചോദ്യം ചോദിച്ചത്.

# ഉള്ളടക്കം


1. ആത്മാവിന്റെ ആഗ്രഹം -വിശ്വനാഥ സത്യനാരായണ ..... 15
വിവ: ആർസു
2. വിധവ - ഗുഡിപ്പാടി വെങ്കടാചലം ........................................ 21
വിവ: ഡോ. ശ്രീജ പ്രമോദ് 9349949069
3. സ്വർണ്ണവള - ശ്രീരമണ ................................................ 32
വിവ: ഈ.കെ. ഉമ
4. രൂഹീ ദീദി - വട്ടിക്കോട്ട ആൾവാർ സ്വാമി ........................ 49
വിവ: ഡോ.പി.കെ. രാധാമണി
5. തെരുവിലെ മനുഷ്യൻ - മധുരാന്തകം രാജാറാം .............. 59
വിവ: ഡോ പി.എം. ശാന്ത
6. മൃത്യുഭോജനം - രഘോത്തം റെഡ്ഡി ................................ 65
വിവ: പ്രൊഫ. രമാഭായി. കെ.ജെ
7. ഏലൂരേക്ക് - ചാസോ ........................................................ 81
വിവ: ഡോ. സൂര്യബോസ്
8. എന്നെക്കുറിച്ചൊരു കഥയെഴുതാമോ? - ബുച്ചിബാബു .. 87
വിവ: ഡോ. രഞ്ജിത്. എം
9. മഴ - രാ.വീ.ശാസ്ത്രി ........................................................ 99
വിവ: രമ ചെപ്പ്.
10. ചപ്പൽ - കാവടുരി വെങ്കട്ട് നാരായൺ റാവു .................... 110
വിവ: ഡോ. എം.കെ. പ്രീത
11. കഥാനായകൻ - തുരഗാ ജാനകിറാണി ............................ 121
വിവ: ഡോ.ഒ. വാസവൻ
12. ആത്മത്യാഗം - മുനിപള്ളേ രാജു ......................................... 128
വിവ: ലത കെ.വി
13. നാട്ടുകാർ എന്തു വിചാരിക്കും?-അബ്ബൂരി ഛായാദേവി... 138
വിവ : ഡോ. ആശിവാണി. കെ
14. ഫോക്സ്ട്രോട്ട് - അല്ലം ശേഷഗിരി റാവു......................... 143
വിവ: സഫിയ നരിമുക്കിൽ
15. എന്റെ പുത്തൻ ചെരുപ്പ് - പോദ്ദിഭോട്ടിലാ സുബ്ബരാമയ്യ 154
വിവ: സുജാന നസീർ
16. ദേവത - പി.സത്യവതി ......................................................... 161
വിവ: സജയ് കുമാർ പി എസ്

Title of the Book:
**Thiranjedutha Telugu Kathakal**
(Malayalam Translated Telugu Short Stories)

Consultant Editor : Dr. J.L. Reddy
Editor : Dr. Arsu
Co-ordinating Editor : Dr. Surya Boss

First Edition:
2024 July

Cover Design, Typesetting & Layout
Graphic Village, Kozhikode - 673 001

Pages : 272
Price : **300/-**

Printed at
DI Press, Calicut

Published by:
**India Books**


an imprint of indological trust
Vellariyil Garden, M.M. Ali Road, Palayam, Kozhikode - 673 002
Ph: 9447394322, 8075907056
www.indiabookstorescalicut.com

© All rights reserved. No part of this book may be reproduced in any form without the written permission of the publisher/author, except in the case of brief quotations in articles and reviews.

### തിരഞ്ഞെടുത്ത

# തെലുഗു കഥകൾ

കൺസൾട്ടന്റ് എഡിറ്റർ : ഡോ. ജെ.എൽ. റെഡ്ഡി
എഡിറ്റർ : ഡോ. ആർസു
കോ-ഓർഡിനേറ്റിംഗ് എഡിറ്റർ : ഡോ. സൂര്യ ബോസ്


തിരഞ്ഞെടുത്ത
തെലുഗു കഥകൾ
എഡിറ്റർ :
ഡോ. ആർസു